**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 714** **06-12-2022 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്ക് ചാർജിംഗ് പോയിന്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിന് ഏതെല്ലാം പ്രദേശങ്ങളിലാണ് ചാർജിംഗ് പോയിന്റുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | അരൂർ നിയോജക മണ്ഡലത്തിൽ താഴെ പറയുന്ന 8 പ്രദേശങ്ങളിലാണ് വൈദ്യുത വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്.<br>1.കരിപ്പൊഴി ട്രാൻസ്ഫോർമറിനു സമീപം.<br>2.സൈനബാറ ഐസ് പ്ലാന്റിനു സമീപം, അരൂക്കുട്ടി.<br>3.പെരുമ്പലം ഗ്രാമ പഞ്ചായത്ത് ഓഫീസിനു സമീപം.<br>4.കെൽട്രോൺ ഓഫീസിനു സമീപം.<br>5.ഭദ്ര ബ്രിഡ്ജിനു സമീപം.<br>6.മലബാർ സിമന്റ് പള്ളിപ്പുറത്തിനു സമീപം.<br>7.മാക്കേ കടവിന് സമീപം, പൂച്ചാക്കൽ<br>8.പൂച്ചാക്കൽ ജംഗ്ഷൻ (കെ.എസ്.ഇ.ബി എൽ നു സമീപം).<br>ഇവയുടെ പണി പൂർത്തിയായി കഴിഞ്ഞു. |
| (ബി) | പ്രസ്തുത ചാർജിംഗ് സ്റ്റേഷനുകളിൽ ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിന് നിലവിൽ ഫീസ് ഈടാക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ; | (ബി) | മുകളിൽ പ്രസ്താവിച്ച സ്റ്റേഷനുകളിൽ ചാർജ് ചെയ്യുന്നതിന് യൂണിറ്റിന് 9 രൂപയും GST യുമാണ് ഈടാക്കുന്നത്. |
| (സി) | പ്രസ്തുത ചാർജിംഗ് പോയിന്റുകൾ ഫാസ്റ്റ് ചാർജിംഗ് സെന്ററുകൾ ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത ചാർജിംഗ് പോയിന്റുകൾ ഓട്ടോറിക്ഷകൾ, ഇരുചക്ര വാഹനങ്ങൾ എന്നിവ യഥേഷ്ടം ചാർജ് ചെയ്യാൻ അനുയോജ്യമാണ്. കൂടാതെ ഫോർ വീലറുകളും ആവശ്യഘട്ടങ്ങളിൽ ചാർജ് ചെയ്യാൻ കഴിയും. സംസ്ഥാന വ്യാപകമായി 1166 പോയിന്റുകളുടെ ചാർജിംഗ് ശൃംഖല |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിന്റെ ഭാഗമായാണ് ഇവ സ്ഥാപിച്ചിരിക്കുന്നത്. ഇവ ഫാസ്റ്റ് ചാർജിംഗ് സെന്ററുകൾ ആക്കുന്നതിനുള്ള പദ്ധതികൾ നിലവിലില്ല |

സെക്ഷൻ ഓഫീസർ